പഞ്ചായത്ത് രാജ്, നഗരപാലിക സ്ഥാപനങ്ങളുടെ വാർഷിക ആഡിറ്റ്

67 (465) ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലോക്കൽ ഫണ്ട് ആഡിറ്റ് നിയമത്തിൽ പഞ്ചായത്ത് രാജ്, നഗരപാലിക സ്ഥാപനങ്ങളുടെ വാർഷിക ആഡിറ്റിന് പ്രസ്തുത സ്ഥാപനങ്ങളുടെ കണക്കുകൾ സമർപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള പ്രസക്ത വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര പഞ്ചായത്ത് രാജ്, നഗരപാലിക സ്ഥാപനങ്ങളുടെ 1996-97 മുതൽ 1999-2000 വരെയുള്ള വാർഷിക ആഡിറ്റാണ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഇതുവരെ പൂർത്തിയാക്കി റിപ്പോർട്ട് പുറപ്പെടുവിച്ചതെന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(സി) നിയമത്തിലെ വ്യവസ്ഥ പ്രകാരം 1996-97 മുതൽ 1999-2000 വരെയുള്ള വാർഷിക കണക്കുകൾ ആഡിറ്റിന് ഹാജരാക്കാത്ത പഞ്ചായത്തിരാജ്, നഗരപാലിക സ്ഥാപനങ്ങൾ എത്രയെന്നും അവയ്ക്കെതിരെ ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥ പ്രകാരം എന്തെല്ലാം നടപടികൾ ഇതിനകം എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാത്ത പക്ഷം അതിനുള്ള കാരണമെന്ത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1994-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിലെ സെക്ഷൻ 9(1) പ്രകാരം ടി ആക്ടിലെ ഒന്നാം ഷെഡ്യൂളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സ്ഥാപനങ്ങൾ അവയുടെ വാർഷിക കണക്കുകൾ ഓരോ സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ ആഡിറ്റിന് നൽകേണ്ടതാണ്.

(ബി) 1996-97 മുതൽ 1999-2000 വരെ വാർഷിക ആഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ച സ്ഥാപനങ്ങളുടെ പട്ടിക ഇപ്രകാരമാണ്.(31-12-2000 വരെയുള്ള കണക്ക്)

	സ്ഥാപനങ്ങൾ	1996-96	1997-98	1998-99	1999-2000
1.	ഗ്രാമപഞ്ചായത്ത്	639	372	98	3
2.	ബ്ലോക്ക്പഞ്ചായത്ത്	112	96	30	1
3.	ജില്ലാപഞ്ചായത്ത്	11	7	-	-
4.	മുനിസിപ്പൽ കൗൺസിൽ		8	7	-
5.	മുനിസിപ്പൽ കോർപ്പറേഷൻ	2	-	1	-

(സി) 1996-97 മുതൽ 1999-2000 വരെയുള്ള വാർഷിക കണക്കുകൾ ആഡിറ്റിന് സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ 31-12-2000 വരെയുള്ള സ്ഥിതി വിവരം ഇപ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

	സ്ഥാപനങ്ങൾ	1996-96	1997-98	1998-99	1999-2000
1.	ഗ്രാമപഞ്ചായത്ത്	271	453	543	860
2.	ബ്ലോക്ക്പഞ്ചായത്ത്	22	64	69	95
3.	ജില്ലാപഞ്ചായത്ത്	5	5	5	11
4.	മുനിസിപ്പൽ കോർപ്പറേഷൻ	1	1	2	3
5.	മുനിസിപ്പൽ കൗൺസിൽ	24 35	41	53	

കേരള ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ടിലെ സെക്ഷൻ 9(3) പ്രകാരം 1998-99 മുതൽ വാർഷിക കണക്കുകൾ യഥാസമയം ഹാജരാക്കാത്ത സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവ് അതോറിറ്റിക്ക് ഷോക്കോസ് നോട്ടീസ് നൽകുകയും പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ മതിയായ കാരണം ബോധിപ്പിച്ചില്ലെങ്കിൽ അവർക്കെതിരെ ടി. ആക്ടിലെ സെക്ഷൻ 9(2) പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. മറുപടി നല്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് സബ് ആഫീസുകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം

68 (466) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് സബ് ആഫീസുകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന് ഇന്ന് നിലവിലുള്ള മാനദണ്ഡമെന്താണ് ;

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് പി.ആന്റ്.എ.ആർ.ഡി. സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കേരള യൂണിവേഴ്സിറ്റി ആഡിറ്റ് ആഫീസിലെയും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആഡിറ്റ് ആഫീസിലെയും ഏതെങ്കിലും ടൈപ്പിസ്റ്റ് തസ്തികകൾ കുറയ്ക്കുന്നതിനെപ്പറ്റി ശുപാർശ ചെയ്ത്ട്ടുണ്ടോ ;

(സി) ഇല്ലാത്തപക്ഷം 26-12-2000-ൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടർ കേരള യൂണിവേഴ്സിറ്റി ആഡിറ്റ് ആഫീസിലെയും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആഡിറ്റ് ആഫീസിലെയും ഓരോ ടൈപ്പിസ്റ്റ് മറ്റ് ജില്ലകളിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരെ ഒഴിവുകൾ അനുസരിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കി നൽകുന്ന ലിസ്റ്റിൽ നിന്നുമാണ് നിയമിക്കുന്നത്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly